91 (648) ആകാശവാണി നിലയത്തിന് ഭൂമി അനുവദിക്കാൻ നടപടി

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഒരു ആകാശവാണി നിലയം സ്ഥാപിക്കാൻ സർക്കാർ ഭൂമി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ ഭൂമി അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് താലൂക്കിൽ തേക്കിൽ വില്ലേജിൽ റി.സ.നം 100/1 പാർട്ടിലെ 2.60 ഏക്കർ സ്ഥലമാണ് ആകാശവാണി നിലയം സ്ഥാപിക്കാൻ ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത സ്ഥലം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതാകയാൽ 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട് പ്രകാരം ടി സ്ഥലം പഞ്ചായത്തിൽനിന്നും വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

92 (649) കണ്ണൂർ ജില്ലയിലെ മയ്യിൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷ

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജിനുവേണ്ടി 12.50 ഏക്കർ മിച്ചഭൂമി പതിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ജില്ലയിലെ മയ്യിൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിൻമേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പുകൾ പ്രകാരം പൊതു ആവശ്യങ്ങൾക്ക് മിച്ചഭൂമി നീക്കി വയ്ക്കുന്നതിനുള്ള അധികാരം ലാന്റ് ബോർഡിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ അപേക്ഷയിൻമേൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് ലാന്റ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

93 (650) കാർഡമം സെറ്റിൽമെന്റിനുവേണ്ടി ജനങ്ങളെ കുടി ഒഴിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ കാർഡമം സെറ്റിൽമെന്റ് ഡെപ്യൂട്ടി തഹസിൽദാർ ജനങ്ങളെ കുടി ഒഴിപ്പിക്കാൻ നോട്ടീസ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly